സർഗവേദി

# മഴ

രാവിൽ മയങ്ങുമെൻ ജാലകവാതിലിൽ
വീണുടയുന്നതിലോല മന്ദസ്മിതം
കൗതുകം പൂണ്ട് ഞാനെത്തിനോക്കീടവേ
ഓടിയടുത്ത നിൻ കുഞ്ഞു കുസൃതികൾ
വാരി വിതറിയ മുത്തുമണികളാൽ
ആകെ നനഞ്ഞു പോയെന്നെ തഴുകുവാൻ
കൂട്ടായിവന്ന നിൻ ചങ്ങാതി-
മാരുതനോടൊത്തു പിൻവാങ്ങി
ഏറെ കഴിയും മുമ്പ് രൗദ്രഭാവം പൂണ്ട്
ആർത്തിരമ്പി അലറിയടുക്കുന്ന
പേമാരിയായി നീ താണ്ഡവമാടുന്നു
നിന്നിലെ വേഷപ്പകർച്ചകൾ കണ്ടു ഞാൻ
എന്തിനെന്നറിയാതെ അസ്വസ്ഥയാകവേ

പുഴയും കുളവും കിണറും നിറച്ചു നീ
റോഡും തോടും തിരിച്ചറിയാതാക്കി
ഭൂമിയെത്തന്നെയും മുക്കിക്കളയുവാൻ
ഉള്ളിലെ ഉറവകളെല്ലാം തുറന്നു നീ
സംഹാര രുദ്രയായ് പാഞ്ഞടുക്കുമ്പോൾ
അറിയുന്നു ഞാനെത്ര നിസ്സാരൻ
അഹന്തയിൽ സ്ഫുടംചെയ്ത ജീവിത വീഥിയിൽ
സ്വായത്തമായൊരെൻ അഭിമാന ചിഹ്നങ്ങൾ
അരനിമിഷത്തിൽ നീ തകർത്തെറിയുമ്പോൾ
എന്നിലുറകൂടിയ ധാർഷ്ട്യം വെടിഞ്ഞു ഞാൻ
നിസ്സഹായയായ് നിസ്സ്വയായ് മാറുന്നു

**സീന കുഞ്ഞാലി**